# രാജർഷി


| പുസ്തകം 7 | 1116 മിഥുനം. | ലക്കം 11 |
|---|---|---|


## മംഗളം.

—:*:—

സാരദന്ന്യാജ്ജ്വലസൂക്തിഭിർബ്ബഹുവിധ-
ശ്രേയഃ, പരം ദർശ്യൻ
കൃത്യാകൃത്യവിവേചനേന, ജനതാം
സഞ്ചാരയൻ സൽപഥേ,
ഗോത്രീവൈഭവനന്ദിതാവനിരയം
"രാജർഷി" ഭൂഷാമണി-
ര്ഗോപാലൈകപരായണോ വിജയതാം
സന്മാർഗ്ഗദർശീ, ചിരം!!

പി. സുബ്രഹ്മണ്യശാസ്ത്രി.

## മാരകാകളി.

ആനന്ദവാടിയിലാഡംബരത്തോടെ
വന്ന വസന്തകുമാരൻ;
മല്ലികാമൊട്ടുകൾ - അല്ല, ക്രൂരമ്പുകൾ-
വല്ലീകരത്രേ ചേർത്തുവീരൻ,
അഞ്ചമ്പനമ്പുകളിക്ഷുവിലെന്നപോൽ
പുഞ്ചിരിതൂകിത്തൊടുത്തു;
മാരമഹാമഖദീക്ഷിതലോകത്തി-
ന്നേരമാമോദംകൊടുത്തു.

വണ്ടാർകുലത്തിന്റെ ഝങ്കാരഞ്ഞാണൊലി
വാസന്തവാടിയിൽ പൊങ്ങി,
മാകന്ദമന്ദാരകുന്ദകുഡ്മങ്ങളിൽ
മാധവമാധുരി പൊങ്ങി,
മന്ദാനിലൻ വന്നു വേണുരന്ധ്രങ്ങളിൽ
കൂജനം ചെയ്തു തുടങ്ങി,
കല്ലോലജാലങ്ങൾ താമരപ്പൊയ്കയിൽ
സല്ലീലമാടാനൊരുങ്ങി,
മാരുതാശ്ലേഷമേററംബുജമാനനം
കുമ്പിട്ടു നാണംകുണുങ്ങി,
കൂപ്പുകൈകൊണ്ടാമ്പൽ മന്ദം സമീരനു
സൌരഭം നൽകി വണങ്ങി,
ആനന്ദക്ഷേത്രത്തിലാരാമദേവിത-
ന്നാച്ച്നാടോപം മുഴങ്ങി;
പുഷ്പിതശാഖകളമ്പലം ചുററുമേ
പൂവണിമാലകൾ ചാർത്തി;
ഖേചരവർഗ്ഗങ്ങളംബരവീഥിയിൽ
മംഗളഗീതം പരത്തി.
കല്യാണഘോഷമാവാടിയിലെങ്ങുമേ
-കണ്ടു വസന്തകുമാരൻ
ആരാമശ്രീയോടു കൈകോർത്തു മോടിയി-
ലാനന്ദലീലകളാടി.

II

കാലമാം മായികനൊന്നു തിരിഞ്ഞു കൈ-
കാലുകളൊന്നു കുടഞ്ഞു;
ഗ്രീഷ്മകോഷ്ഠാവിൽ വരണ്ടു മഹീതലം
ഭീഷ്മരൂക്ഷാകൃതിപൂണ്ടു.
ശ്രീരാജിതാരാമലാസ്യനാട്യങ്ങളു-
മാരമ്യഗീതവുമെല്ലാം
വാടിവരണ്ടൊരുവാടിയിൽവാസന്ത
ധാടിയും മോടിയുമെല്ലാം
കൂട്ടുംകൊടുങ്കാററിലോട്ടം കരിയില-
ക്കൂട്ടംകണക്കേ പറന്നു;

കാന്തകോപാഗ്നിയിൽ കാന്താമുഖംപോലെ
കാന്തികുറഞ്ഞു ചമഞ്ഞു
വാരുണീദുഃസഹയാലാനനമെന്നപോൽ
കൈരവം വാടിക്കരിഞ്ഞു.
നീരററവാപികൾ കാരുണ്യമില്ലാത്ത
കണ്ണുകളെന്നപോൽ കാണ്മൂ.
കണ്ടൂ സരിത്തടമഞ്ജനഹീനമാം
കണ്ണിൻതടംപോൽ വിളർത്തു.
മംഗല്യസൂത്രമമംഗളമായ്ത്തീൎന്ന
മംഗളഗാത്രിപോൽ കണ്ടു
അക്കാട്ടും വേനലിലുദ്യാനസൗഭഗ
മുൽക്കടൊത്തങ്കത്തിലാണ്ടു.

## III

കാളകരാളമായ്ത്തീൎന്നുവിയന്മുഖം
കാർകൊണ്ടൽ വന്നുപരന്നു.
ചണ്ഡവാതാഹതിയേററുഗഭീരമാ-
യണ്ഡകടാഹം കലുങ്ങി.
അംബരവീഥിയിലംബുദജാലങ്ങ-
ളാഹവഘോഷം തുടങ്ങി.
അംബുധികോപിച്ചു വീചിവില്ലാളിയാ-
യംബുവാഹങ്ങളിൽ കേറി.
ആയോധനത്തിനുകോപ്പിട്ടു ഭേരിതൻ
ഭൈരവനാദം മുഴക്കി.
മിന്നൽപ്പിണരുകളാകുന്ന വാളുകൾ
മിന്നിവിണ്ണാകെ വിളങ്ങി.
മാരിധാരാവലിയാകും ശരാവലി
വാരിച്ചൊരിഞ്ഞുതുടങ്ങി.
കണ്ണിലശ്രുക്കൾപോൽ വാപികൂപങ്ങളിൽ
തണ്ണീർ നിറഞ്ഞുവഴിഞ്ഞു.
വാതകോപത്തിനാൽ ഭൂരുഹജാലങ്ങ-
ളാതുരഭാവമണഞ്ഞു.
ഉൽഭിജരോമാഞ്ചമാണ്ടു മഹീതല-
മുജ്ഝിതപ്രജ്ഞമായ്ത്തീൎന്നു.

അന്തിമശ്വാസം വലിച്ചുവഷാന്തടി
സന്തതശാന്തിയടഞ്ഞു.
വാസന്തലക്ഷ്മിയെ വേട്ടകമാരക-
നസ്ഥിരനായിച്ചമഞ്ഞു.
കാലദോഷത്തിനാൽ ഷഡ്‌്രുതുവർഗ്ഗത്തെ
കാലന്തക്കുള്ളിലടച്ചു.
ധൂൎത്തനാം നൎത്തകൻ വട്ടംതിരിഞ്ഞപ്പോൾ
നട്ടംതിരിഞ്ഞൊരു നാരി
കഷ്ടമവനോട്ട പിന്നെയും ചേരുവാ-
നിഷ്ടപ്പെടുന്നിതെന്താവോ!
മംഗല്യസൂത്രമറുത്തുകളഞ്ഞാലും
മംഗളം പോകയില്ലെന്നോ!

(അപ്പൻതമ്പുരാൻ.)

## ആയുൎവ്വേദത്തിൽ ജ്യോതിഷത്തിൻെറ പ്രഭാവം.

II

ചികിത്സാശാസ്ത്രത്തിനും ജ്യോതിഷശാസ്ത്രത്തിനും തമ്മിൽ ഗാഢസമ്പൎക്കമുണ്ടെന്ന് ആദ്യം പറഞ്ഞുവല്ലൊ. ഗ്രഹം പ്രതികൂലമായാൽ നാനാവിധ ഉപദ്രവങ്ങൾ ഉണ്ടാകുന്നതാണ്. സൂൎയ്യൻ കോപിച്ചാൽ മസ്തകത്തിലും മുഖത്തും രക്തപിത്തപീഡയുണ്ടാകുന്നു. ചന്ദ്രൻ പിഴച്ചാൽ വക്ഷഃസ്ഥലത്തും കഴുത്തിലും കഫത്തിൻെറ ഉപദ്രവവും, മംഗളം പൃഷ്ഠത്തിലും ഉദരത്തിലും പിത്തത്തിൻെറ ഉപദ്രവവും, പ്രാണാദിരക്തപീഡയും, ബുധൻ കാലിന്മേലും കയ്യിന്മേലും ത്രിദോഷങ്ങളുടെ ഉപദ്രവവും ഉണ്ടാക്കുന്നതാണ്. ബൃഹസ്പതി കടിപ്രദേശത്തും നിതംബത്തിലും വാതപിത്തങ്ങളുടെ അസഹ്യതയും ശുക്രൻ ഗുഹ്യസ്ഥലത്തു കഫത്തിൻെറയും വായുവിൻെറയും ഉപദ്രവവും, ശനി ഊരുക്കളിലും ജാനുക്കളിലും വാതസംബന്ധമായ പീഡയേയും ഉണ്ടാക്കിത്തീൎക്കുന്നു.

ജ്യോതിഷത്തിൽ ഗ്രഹങ്ങളുടേയും നക്ഷത്രങ്ങളുടേയും സ്ഥിതികൊണ്ടാണ് മനുഷ്യദേഹത്തെ വിഭാഗിച്ചിരിക്കുന്നത്. രവി ശിരസ്സിൻെറ അധിപതിയാണ്. ചന്ദ്രൻ വലങ്കയ്യിൻെറയും, മംഗളം ഉൽപാദനസ്ഥാനത്തിൻെറയും, ബുധൻ വലത്തുകാലിൻെറയും ബൃഹസ്പതി ഉദരത്തിൻെറ

യും കടവയറിന്റെയും, ശുക്രൻ എടത്തുകയ്യിന്റെയും ശനി എടത്തുകാലിന്റെയും അധിപതിയാകുന്നു. നക്ഷത്രഗണങ്ങളും ഇപ്രകാരം മനുഷ്യദേഹത്തെ വിഭാഗിച്ചിട്ടുണ്ട്. ഗ്രഹങ്ങളും നക്ഷത്രങ്ങളും പ്രതികൂലങ്ങളായാൽ അവയെക്കൊണ്ട് നിൎദ്ദേശിക്കപ്പെട്ടിട്ടുള്ള അംഗങ്ങളും ധാതുക്കളെ ആശ്രയിച്ച മനുഷ്യശരീരങ്ങളിൽ ഉപദ്രവങ്ങളുണ്ടാക്കിത്തീൎക്കുന്നു. ജ്യോതിശ്ശാസ്ത്രത്തിൽ ഈവിധം ബഹുപ്രകാരസങ്കേതങ്ങളെ കാണിച്ചിട്ടുണ്ട്. ഈ ചെറിയ ലേഖനത്തിൽ അവയെ വിസ്തരിച്ചെഴുതുന്നതിനു സാധിക്കുകയില്ലല്ലൊ.

രാശി, നക്ഷത്രം, ഗ്രഹം എന്നിവയുടെ ഗതിഭേദംകൊണ്ട് രോഗങ്ങളുടെ വിവരണം മനസ്സിലാക്കിയാൽ വൈദ്യന്മാൎക്ക് രോഗം ഇന്നതാണെന്ന് നിശ്ചയിക്കുവാൻ സാധിക്കുന്നതുകൊണ്ടു ദീനത്തിനു വേഗത്തിൽ ആശ്വാസം കിട്ടുന്നതാണ്. വാതപിത്തകഫങ്ങളാകുന്ന ത്രിധാതുക്കളുടെ സ്വാഭാവികാവസ്ഥക്ക് സ്വാസ്ഥ്യമെന്നും അവയുടെ വികൃതിക്ക് അസ്വാസ്ഥ്യമെന്നുമാണ് പറഞ്ഞുവരുന്നതു്. ശരീരസുഖത്തെ കാംക്ഷിക്കുന്നവർ ആഹാരത്തിന്റെ കാൎയ്യത്തിൽ പ്രത്യേകം മനസ്സിരുത്തേണ്ടതാണ്. നമ്മുടെ ഭക്ഷണസാധനങ്ങളെക്കൊണ്ടാണ് ദേഹത്തിന്ന് സുഖം കിട്ടുന്നതു്. നാം ജ്യോതിശ്ശാസ്ത്രത്തെ പരിക്കുന്നതായാൽ ഋഷിഗണങ്ങൾ തിഥിവിശേഷങ്ങളിൽ ഏതെല്ലാം ഭക്ഷണദ്രവ്യങ്ങളെയാണ് വിവിധശപഥവാക്യങ്ങളെക്കൊണ്ട് നിഷേധിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാം.

ഈ നിഷേധത്തിനുള്ള കാരണത്തെപ്പററി ആയുൎവ്വേദശാസ്ത്രാനുസരണം കുറച്ചൊന്നാലോചിച്ചാൽ നമ്മുടെ ചികിത്സാശാസ്ത്രത്തിനും ജ്യോതിൎവ്വിദ്യക്കും തമ്മിൽ അംഗാംഗിഭാവമുണ്ടെന്നുള്ള ധാരണ സ്ഥിരപ്പെടുന്നതാണ്. ചതുൎദ്ദശിയിൽ ഉഴുന്നും, അമാവാസി, പൂൎണ്ണിമ എന്നീ തിഥികളിൽ മാംസവും, ഭക്ഷിക്കരുതെന്നു ജ്യോതിശ്ശാസ്ത്രം നിഷേധിച്ചിട്ടുണ്ട്. ചതുൎദ്ദശിയിൽ ഉഴുന്ന് അകത്തുചെന്നാൽ അതിസാരാദി ഉദരരോഗങ്ങളും വാവുകളിൽ മാംസം കൂട്ടുന്നതുകൊണ്ട് കഫകോപവും ഉണ്ടാകുന്നു. പതിന്നാലാംനാൾ അപാനവായു ഊൎദ്ധ്വഗതിയാകുന്നതിനാൽ കോഷ്ഠബന്ധവും ഉദരസ്തംഭവും ഉണ്ടാകുന്നതാണ്. ഉഴുന്ന് ദഹിക്കാൻ പ്രയാസമുള്ളതും മലത്തെ വൎദ്ധിപ്പിക്കുന്നതും അതിസാരാദി ഉദരരോഗങ്ങളെ ഉല്പാദിപ്പിക്കുന്നതുമാണ്. അതു് ചതുർദ്ദശിയിൽ ഭക്ഷിക്കുന്നതുകൊണ്ട് മൂലാധാരത്തിൽ പൂൎവ്വസഞ്ചിതമലം ദൂഷിക്കുകയും വൎദ്ധിക്കുകയുംചെയ്തു് അതിസാരാദ്യുദരരോഗങ്ങളെ ഉണ്ടാക്കിത്തീൎക്കുന്നു.

തന്മൂലമാണ് ഈ തിഥിയിൽ ഉഴുന്നു കഴിക്കരുതെന്ന് വിധിച്ചിരിക്കുന്നതു്. ഈ വക ദിവസങ്ങളിൽ നിഷേധിച്ചിരിക്കുന്ന ദ്രവ്യങ്ങളെ ആസ്വദിക്കുന്നതുകൊണ്ടുണ്ടാകുന്ന ദോഷം അല്പം ആലോചിച്ചാൽ മനസ്സിലാക്കാൻ പ്രയാസമില്ല.

അശുഭനക്ഷത്രങ്ങളിൽ ജ്വരാദിപീഡകളുണ്ടായാൽ അതു വളരെനാളോളം നീണ്ടുനിന്നു രോഗിയെ വല്ലാതെ കഷ്ടപ്പെടുത്തുന്നു. അപ്രകാരം ശുഭനക്ഷത്രത്തിൽ സുഖക്കേടു തുടങ്ങിയാൽ അല്പദിവസങ്ങൾക്കുള്ളിൽ അതിനാശ്വാസം കിട്ടുമെന്ന് ജ്യോതിശ്ശാസ്ത്രത്തിൽ കാണാനുണ്ട്. ഇതു നമുക്ക് അനുഭവസിദ്ധവുമാണ്. ചില ഗ്രഹങ്ങൾനിമിത്തമുണ്ടാകുന്ന ഉപദ്രവങ്ങൾക്കു ചില ചെടികളും, കുഴിച്ചിട്ടുക്കുന്ന ചില ധാതുക്കളും പററിയ ഔഷധങ്ങളാണെന്നുകൂടി അതിൽ വിശദമായെഴുതിയിരിക്കുന്നു. രവിഗ്രഹത്തിൽനിന്നുണ്ടാകുന്ന ഉപദ്രവത്തിനു സ്വർണ്ണം, വൈഡൂര്യം എന്നിവയും ചന്ദ്രനിൽനിന്നുണ്ടാകുന്നതിനു വെള്ളിയും ശംഖും, മംഗളത്തിൽനിന്നുണ്ടാകുന്നതിന് ഇരുമ്പ്, ഗന്ധകം, പവിഴം, മനോല എന്നിവയും ബുധകോപത്തിനു രസവും, ബൃഹസ്പതികോപത്തിനു ഗന്ധകവും ഹരിതാലവും, ശുക്രപീഡക്ക് താമ്രം, വംഗം, വെള്ളി എന്നിവയും ശനിഗ്രഹപീഡക്കു ഈയ്യവും ഔഷധങ്ങളായി ഉപയോഗിക്കുന്നതായാൽ രോഗം എളുപ്പത്തിൽ സുഖപ്പെടുന്നതാണ്.

ജ്യോതിശ്ശാസ്ത്രപാരദർശിയായ ചികിത്സകൻ അരിഷ്ടലക്ഷണം, ആയുർന്നിർജ്ഞാനം, അതായതു് ദീർഘായു, മദ്ധ്യായു, സ്വല്പായു എന്നിങ്ങനെയുള്ള ലക്ഷണവിചാരം, ദൂതം, ശകുനം, സ്വപ്നം, നിദർശനവിജ്ഞാനം തുടങ്ങിയ വൈദ്യകവും ജ്യൗതിഷവുമായ വിഷയങ്ങളെ സ്വാധീനമാക്കിയാൽ രോഗത്തിന്റെ സാദ്ധ്യാസാദ്ധ്യതകളെ നിശ്ചയിക്കുന്നതിൽ സാമർത്ഥ്യം നേടുന്നതിനുപുറമേ ദീനക്കാരന്റേയും ദീനത്തിന്റേയും കാരണം കണ്ടുപിടിക്കുന്നതിനും ശക്തനായിത്തീരുന്നു. സമുദ്രതുല്യമായ നമ്മുടെ ചികിത്സാശാസ്ത്രത്തിലും ജ്യോതിശ്ശാസ്ത്രത്തിലും രോഗം മനസ്സിലാക്കുന്നതിനും പ്രതിക്രിയ ചെയ്യുന്നതിനും പലതരത്തിലുള്ള ഉപായങ്ങൾ പറഞ്ഞിട്ടുണ്ട്. വൈദ്യന്മാർ ഈ വിഷയത്തിൽ പ്രത്യേകം മനസ്സിരുത്തി ജ്യോതിഷത്തിലെ സർവ്വ സംഗതികളേയും പര്യാലോചിച്ച് ഔഷധം വിധിക്കുന്നതായാൽ നിഷ്പ്രയാസം രോഗികളെ രോഗമുക്തരാക്കിത്തീർക്കുന്നതിനു സാധിക്കുന്നതാണ്.

അമ്പാടി നാരായണി പുതുവാൾസ്യാർ.

# കപ്പലിൽത്തന്നെ കള്ളൻ

1

ഒരുകളി സുഖദുഃഖം പ്രാകൃതച്ചെപ്പിലാക്കി-
ത്തിരുതകൃതി കളിപ്പാനുള്ള പന്തല്ലി രണ്ടും
പുരുഷവൃഷഭ! കാലച്ചെപ്പടിക്കാരനെക്കൊ-
ണ്ടൊരുപൊറുതിയുമില്ലാ ഞങ്ങളൊക്കെക്കുഴങ്ങി

2

മൃതിജനിയിതുരണ്ടും ചെക്കിനാവാണു ലോക-
സ്ഥിതികളിവനറിഞ്ഞു കാര്യ്യമില്ലെന്നുചെയ്യാം
ചതികരുതിയടുക്കും മായ തൃക്കണ്ണിളക്കി
പ്രതിദിനമൊരു തുമ്പും വാലുമില്ലാതെയാക്കും

3

മനുജരുടെ ശരീരം നമ്മൾ കാണുംവെടിക്കെ-
ട്ടിനുശരി കളിയാടിപ്പൊങ്ങിവീണസ്തമിക്കും
അനുഭവമിതുരണ്ടും രണ്ടുവസ്തുക്കൾ ചേർന്നാ-
ണനുപമമുളവാക്കിക്കാണ്മതിന്നിജ്ജഗത്തിൽ

4

അറിയുക വെടിയുപ്പാ,ഗന്ധകം, രക്തശുക്ലം
ശരിയിതുകളിലോരോന്നൊക്കയും ചേർത്തിണക്കി
പരിചിലുലകിൽ വിട്ടാൽ ചാടിയോടിക്കളിക്കും
ചിരിവരുമിതുകാണാമുള്ളിലെക്കണ്ണിഴിച്ചാൽ.

5

കുലഗൃഹിണി, കുടുംബം, മക്കളെ,ന്നോർത്തു ജന്മം
തുലയുമടിപിഴച്ചു, പ്രായമൊട്ടേറെയായീ
കുലടകളണിമുത്താം പിംഗളക്കേകിയോരാ-
നിലയടിയനുതന്നേതീരു ഖട്വാംഗബന്ധോ!

6

സകലഭുവനരക്ഷാഭാരമേററിട്ടു കാല-
പ്പുകയനെയതിനാക്കി സ്വസ്ഥനായിട്ടിരുന്നാൽ
വകതിരിവവനില്ലാ, രക്ഷയില്ലാ, കലാശം
തകരുമുലകമയ്യോ! ലോകർതോററമ്പരന്നു

7

ജനഹിതമറിയുംനീ സൃഷ്ടി രക്ഷാ ലയംകൊ-
ണ്ടനവധിദിനമിപ്പോൾ കേളിയാടിക്കഴിഞ്ഞു
ഇനിയിതുമതിയാക്കാം കാണികൾക്കും മുഷിഞ്ഞു
കനിയുക "കളി മൂത്താൽ കാര്യ്യ"മെന്നോർമ്മവേണം

8

നരരുടെ കഥപോട്ടേ ജീവികൾക്കും കുഴക്കാ-
ണരനിമിഷമിരിപ്പാനിപ്രപഞ്ചത്തിലിപ്പോൾ
നരതിലക! വലഞ്ഞൂ നാടു കീഴ്മേൽമറിഞ്ഞൂ
സ്ഥിരത ജഗതി മാഞ്ഞൂ മാനമര്യാദ പാഞ്ഞൂ

9

കൊലയിഹ കുലധൎമ്മം, ദൈവമുണ്ടെങ്കിലാട്ടേ,
തുലയണ,മപരന്മാ,രൊക്കണം നാടനേകം
അലമിതുപുറമന്റും തൽക്കളിക്കോപ്പുകാരീ-
നിലയിലടരിടുന്നു കണ്ടു നീയും രസിപ്പൂ.

10

ധനമൊരുപടിയേവം ദുൎവ്യയം ചെയ്തു ലോക-
ക്കനവധിയഴലേകിക്കിട്ടുമാബ്രഹ്മപട്ടം
വിനയുടെ കഥയേല്ലാതുള്ളതെന്നോൎത്തുപോരീ-
ജ്ജനനിരതുടരുന്നു ഭാവി കാണാവതാണോ?

11

പരതനു നിജദേഹം പോലെയാണെന്ന ബോധ്യം
വരണമിവരിലെന്നോ നാട്ടു നന്നാകയുള്ളൂ
സ്ഥിരത, സമത, യൈക്യം, മാന, മത്സരയെന്നി-
ത്തരമൊരുനിലമന്യം നാട്ടുവാഴിക്കവശ്യം.

12

പരനുടെ കളിയേവം നമ്മളെച്ചുട്ടികുത്തി-
ച്ചിരവുപകലുമാടിക്കുന്നു സൂക്ഷ്മം നിനച്ചാൽ
അരനിമിഷമിതൊന്നും ഹന്ത! ചിന്തിച്ചിടാത്തീ-
നരരുടെ കഥയോൎത്താലാരുമൊന്നമ്പരക്കും.

13

മതിയിലിതുകളൊന്നും ചിന്തചെയ്യാതെ ലോകം
പ്രതിദിനമിതിവൃത്തഭ്രാന്തിയന്നന്തമെന്യേ
അതിരസമുഴലുന്നു, മണ്ണിലും പെണ്ണിലും താൻ
രതി, മറുപുറമുള്ളിൽ കാണുവാൻ കണ്ണുമില്ല

14

അലമലമതിനിന്ദ്യം, നാടുവാഴുന്നവൎക്കോ
കൊലയിലുമലിവില്ലാ, നാടടക്കം കുഴക്കം
നിലയുടെ കഥയില്ലാ, സ്വാൎത്ഥമേയുള്ളൂ; ലോകേ
ചിലരിതിഹ പരാൎത്ഥപ്പൂച്ചുകാട്ടിപ്പുകിട്ടും

15

ഒരുപിടിയുമൊരാൾക്കും ജീവകാലത്തിനുണ്ടോ?
കരുതുക മൃതിയിന്നോ നാളെയോ രൂപമുണ്ടോ?
പൊരുതിവിജയിയായീ മൎത്ത്യരെക്കൊന്നുകൊന്നി-
ങ്ങൊരുനിമിഷമിരിപ്പുണ്ടെന്നുറപ്പാരുതന്നു?

16

ഭവജലധിയിലെന്നെത്തള്ളിബന്ധുക്കളായു-
ള്ളവരിവനവരേയും വീൎപ്പുമുട്ടിത്തുടങ്ങി
തവ പിടിയിലെഴുന്നോർ ഞങ്ങളോ; നീമൂലമാണീ-
യവശത പിടികിട്ടീ; "കപ്പലിൽത്തന്നെ കള്ളൻ."

നടുവത്തു മഹൻ നമ്പൂതിരി.

# കല്ലിനാഥൻ

## ബൃഹച്ഛ്ലേഷം.

## II

വ്യക്തിവിദ്വേഷത്തിന്റെ ദുർഗ്ഗന്ധം നിറച്ചിരിക്കുന്ന കിഞ്ചിച്ഛ്ലേഷവും ഭേസിക്കൊണ്ടു മി. മലയാളിമല്ലിനാഥൻ ചോദിക്കുന്നു, "രാഷ്ട്രീയശബ്ദം ഏതെല്ലാം അൎത്ഥത്തിലാണു പ്രയോഗിക്കാവുന്നതു്" എന്നും "രാഷ്ട്രീയശബ്ദം രാഷ്ട്രായ ഹിതം എന്നുതുടങ്ങിയ അൎത്ഥങ്ങളിൽ പ്രയോഗിച്ചുകൂടെന്നു് പാണിനി പറഞ്ഞിട്ടുണ്ടോ?" എന്നും.

കല്ലിനാഥൻ മുമ്പു പറഞ്ഞ പ്രകാരം മല്ലിനാഥനെ നിഗ്രഹസ്ഥാനത്തേക്കു നയിച്ചിരിക്കുന്ന ഈ ചോദ്യങ്ങൾക്കു സമാധാനം പറയേണ്ടതായ ആവശ്യകതയില്ലെങ്കിലും രാജൎഷിവൈയാകരണൻ ചെയ്തപോലെ കല്ലിനാഥൻ അങ്ങിനെ ഒഴിയാൻ വിചാരിക്കുന്നില്ല. പ്രസിദ്ധനായ മല്ലിനാഥനോടെതിൎത്താലല്ലേ കല്ലിനാഥന്നു പ്രസിദ്ധി ലഭിക്കയുള്ളു? കിട്ടിയ അവസരം കളയുന്നില്ല.

9848

മല്ലിനാഥന്റെ ചോദ്യം കേട്ടപ്പോൾ കല്ലിനാഥന്നു തുല്യവിത്തിവേദ്യതയാൽ ഓൎമ്മിക്കേണ്ടിവന്നതു് "പഥി ഭയോസ്തി വാ" എന്ന താൎക്കികന്റെ ചോദ്യവും അതിന്നു "ഭയ ഇതി കശ്ചന ശബ്ദോപി നാസ്തി" എന്ന വൈയാകരണന്റെ ഉത്തരവും തന്മൂലം താൎക്കികന്നു പിണഞ്ഞ അമളിയും മറ്റുമടങ്ങിയ അതിപ്രസിദ്ധമായ ആ കഥയാണു്. എന്നാൽ വൈയാകരണൻ താൎക്കികനോടു പറഞ്ഞതുപോലെ 'രാഷ്ട്രീയ'മെന്നൊരു ശബ്ദമേ ഇല്ലെന്നു കല്ലിനാഥൻ മല്ലിനാഥനോടു പറയുന്നില്ല. മി. മലയാളിമല്ലിനാഥനും അങ്ങോരുടെ കൂട്ടുകാരായ പുതിയ ലോകവ്യുല്പത്തിക്കാരും കൈരളിയെ യഥേഷ്ടം സേവിച്ചുകൊണ്ടു ഭാഷാലോകത്തിൽ സൎവ്വോൽകൎഷേണ വൎത്തിക്കുമ്പോൾ 'രാഷ്ട്രീയം' മുതലായ അപശബ്ദങ്ങൾ ഇല്ലെന്നു എങ്ങിനെ പറയും? അതു് അസാധുശബ്ദമാണെന്നുമാത്രമേ കല്ലിനാഥൻ സവിനയം ബോധിപ്പിക്കുന്നുള്ളു.

'രാഷ്ട്രീയ'ശബ്ദം ഏതെല്ലാം അൎത്ഥത്തിലാണു് പ്രയോഗിക്കാവുന്നതു്? എന്ന ചോദ്യത്തിന്നുള്ള ഉത്തരം, അതു് അപശബ്ദമാകയാൽ അറിവുള്ളവർ ഒരൎത്ഥത്തിലും പ്രയോഗിക്കയില്ല എന്നാണു്. 'രാഷ്ട്രീയശബ്ദം രാഷ്ട്രായ ഹിതം എന്നുതുടങ്ങിയ അൎത്ഥങ്ങളിൽ പ്രയോഗിച്ചുകൂടാ എന്നു പാണിനി പറഞ്ഞിട്ടുണ്ടോ?' എന്ന രണ്ടാമത്തെ ചോദ്യത്തിന്നു 'ഇല്ല' എന്നുതന്നെയാണുത്തരം. ഇനി എന്താണു്

ഭാവം? പാണിനി പാടില്ലെന്നു പറയാത്തതുകൊണ്ടു 'രാഷ്ട്രീയം' എന്നു പ്രയോഗിക്കാമെന്നാണെങ്കിൽ എന്തിനു കുറക്കയ്യുന്നു? രാഷ്ട്രീണം, രാഷ്ട്രായണം, രാഷ്ട്റത്യം, രാഷ്ട്റേയകം, രാഷ്ട്റികം മുതലായ അപശബ്ദങ്ങളൊക്കെയുംതന്നെ ഇഷ്ടംപോലെ പ്രയോഗിക്കാമെന്നു പറയാമല്ലോ! അങ്ങനെയല്ല "തസ്മൈ ഹിതം" എന്ന സൂത്രംകൊണ്ടു വിധിച്ചിരിക്കുന്ന 'ഛ' പ്രത്യയത്തിന്നു പ്രസക്തിയുള്ളതുകൊണ്ട് രാഷ്ട്റായ ഹിതം എന്ന അർത്ഥത്തിൽ 'രഷ്ട്റീയം' എന്നു് രൂപം വരാം. അതു പാണിനിക്കു ഹിതമല്ലെങ്കിൽ നിഷേധിക്കേണ്ടതല്ലേ? എന്ന് അഭിപ്രായപ്പെടുന്നു എങ്കിൽ രാഷ്ട്റശബ്ദം വൃദ്ധമാകതാൽ "വൃദ്ധാച്ഛഃ" എന്ന സൂത്രംകൊണ്ടുതന്നെ രാഷ്ട്റീയമെന്നു രൂപസിദ്ധി പറയാമായിരിക്കെ ആ വാദമെന്തിന് ഉപേക്ഷിച്ചു? പാണിനി പാടില്ലെന്നു പറഞ്ഞിട്ടില്ലല്ലോ. പാണിനി പാടില്ലെന്നു പറഞ്ഞിട്ടില്ലെങ്കിലും "രാഷ്ട്റപാരാവാരാദ്ഘഖൌ" എന്നിങ്ങിനെ വിശേഷവിഹിതമായ 'ഘ' പ്രത്യയം അതിന്നു ബാധകമാവുകകൊണ്ട് ആ വാദം ഉപേക്ഷിച്ചു എന്നാണെങ്കിൽ അതുപോലെതന്നെ "തസ്മൈ ഹിതം" എന്ന സാമാന്യവിഹിതമായ 'ഛ' പ്രത്യയത്തിന്നു വിശേഷവിഹിതമായ 'ഘ' പ്രത്യയം എന്തുകൊണ്ട് ബാധകമാവുകയില്ലെന്നും പുതിയ വാദത്തിന്നു മൂലമെന്തെന്നുമാണ് മനസ്സിലാകാത്തതു്. 'രാഷ്ട്റ' എന്ന പ്രകൃതിവിശേഷത്തിൽനിന്നു ശേഷാർത്ഥത്തിലാണ് 'ഘ' പ്രത്യയം വിധിച്ചിരിക്കുന്നതു് എന്നും ഓർമ്മിക്കണം. ശേഷാർത്ഥമെന്നതു ഉക്തത്തിൽനിന്നു അന്യമായ അർത്ഥമാണ്. അപത്യാദി ചതുരർത്ഥ്യന്താർത്ഥമാണ് ഉക്താർത്ഥം. 'തത്ര ജാതഃ' "തത്ര സംഭൃതഃ" 'തത്ര ഭവഃ' 'പ്രായഭവഃ' എന്നീ അർത്ഥങ്ങളെന്നപോലെ "തസ്മൈ ഹിതം" എന്നീ അർത്ഥവും ഉക്താന്യമാകയാൽ ശേഷംതന്നെയാണ്. ശേഷാർത്ഥത്തിൽ രാഷ്ട്റശബ്ദത്തിൽനിന്ന് 'ഘ' പ്രത്യയം വിശിഷ്യ വിഹിതമായിരിക്കെ ആ വിശേഷവിധി "തസ്മൈ ഹിതം" എന്ന സാമാന്യവിധിയെ എന്തുകൊണ്ടു ബാധിക്കയില്ല? ബാധിക്കതന്നെ ചെയ്യും. 'ഘ' പ്രത്യയബാധിതമാകയാൽ 'ഛ' പ്രത്യയത്തിന്നു "തസ്മൈ ഹിതം" എന്ന ശേഷാർത്ഥത്തിൽ പ്രസക്തിയില്ലാതിരിക്കെ, പാണിനി നിഷേധിക്കാത്തതുകൊണ്ട് രാഷ്ട്റീയമെന്നു പ്രയോഗിക്കാമെന്നു പറയുന്നതു് ഇന്നത്തെ ഒരുതരം പുതിയ ലോകവ്യുല്പത്തിക്കാക്കല്ലാതെ മററാക്കും നിരക്കുന്നതല്ല. അപ്രസക്തത്തിന്നുണ്ടോ നിഷേധം! "തസ്മൈ ഹിതം" എന്ന സൂത്രം ശേഷാധികാരബഹിർഭൂതമാകയാൽ അതിന്നു ശേഷാധികാരസ്ഥമായ, "രാഷ്ട്റാവാരപാരാദ്

ഘഖൌ" എന്ന സൂത്രം ബാധകമല്ലെന്നും വിചാരിക്കേണ്ട. "ശേഷേ" എന്നതു് വിധിസൂത്രവും അധികാരസൂത്രവും ആണു്. അധികാരത്തിന്നു ഫലം "ശൈഷികാത് ശൈഷികഃ സരൂപോ ന" എന്ന നിഷേധത്തിന്റെ വിഷയലാഭം, 'തസ്യേദം' ഇത്യാദിയിൽ ഇദന്തേന അപത്യാദ്യർത്ഥത്തിന്റെ അഗ്രഹണം എന്നിവയാണെന്നാകുന്നു പ്രൌഢമനോരമ, തത്ത്വബോധിനി, ശേഖരം മുതലായ പ്രാമാണിക ഗ്രന്ഥങ്ങളിൽ സിദ്ധാന്തിച്ചിരിക്കുന്നതു്. അല്ലാതെ "തസ്മൈ ഹിതം" എന്ന 'ഛ' പ്രത്യയത്തിന്റെ ബാധാഭാവമല്ല. മി. മല്ലിനാഥനു മനസ്സിലാകുന്നുണ്ടോ? ഇതു് ശാസ്ത്രീയവിചാരമാണു്. സ്വന്തം സംഘത്തിലെ പുതിയ ലോകവ്യുല്പത്തികൊണ്ടു് ഇവിടെ കാര്യമില്ല. കല്ലിനാഥൻ പറയുന്നതു ശരിയാണോ എന്നു് ഭാഷാലോകചക്രവർത്തിയായ മി. മല്ലിനാഥൻ തന്റെ ആസ്ഥാനപണ്ഡിതനായ ശാസ്ത്രിയോടൊന്നു യഥാവസരം ചോദിച്ചുനോക്കിയാൽ കൊള്ളാം. അങ്ങനെ ചെയ്യാതെ കിഞ്ചിച്ഛൂഷത്തിൽ നിറച്ചിരിക്കുന്ന വ്യക്തിവിദ്വേഷദുർഗ്ഗന്ധംകൊണ്ടു ഭാഷാലോകത്തെ ജുഗുപ്സാവഹമാക്കരുതെന്നും ആ ദുർവ്യാപാരം തുടരാതിരുന്നാൽകൊള്ളാമെന്നും പ്രത്യേകം അപേക്ഷയുണ്ടു്.

"ആ വിലപിടിച്ച അഭിപ്രായം ഒന്നു കണ്ടതിന്നുശേഷമാകാം രാഷ്ട്റീയത്തിന്റെ കിഞ്ചിച്ഛൂഷം പുറത്തെടുപ്പാൻ എന്നാണു് മല്ലിനാഥൻ കരുതിയിരിക്കുന്നതു്. ഒരു വൈയാകരണശിരോമണിയുടെ ന്യായമായ അഭിപ്രായങ്ങൾ കേട്ടതിന്നുശേഷം കിഞ്ചിച്ഛൂഷം തുച്ഛമെന്നു തോന്നിയാൽ വ്യക്തിവിദ്വേഷത്തിന്റെ ദുർഗ്ഗന്ധം പൊങ്ങുവാനിടയുള്ള ആ ദുർവ്യാപാരത്തിൽനിന്നു വിരമിക്കുവാനും വിരോധമില്ലല്ലോ" എന്നാണല്ലോ ഭാഷാലോകം ഭരിക്കുന്ന മല്ലിനാഥരാജാധിരാജന്റെ വിളംബരം. ഹാ! എന്തു ഭയങ്കരം. കിഞ്ചിച്ഛൂഷത്തിൽ നിറച്ചിരിക്കുന്നതു വ്യക്തിവിദ്വേഷത്തിന്റെ ദുർഗ്ഗന്ധമാണെന്നുള്ളതും അതു പുറത്തെടുക്കുക എന്ന ദുർവ്യാപാരത്തിന്നായി മി. മല്ലിനാഥൻ ഒരുങ്ങിയിരിക്കുന്നുണ്ടെന്നുള്ളതും പ്രസ്തുത വിളംബരംകൊണ്ടു് തീർച്ചയാകുന്നു. കിഞ്ചിച്ഛൂഷക്കാരനെ ജർമ്മൻ ബോംബറെക്കാട്ടിലും കിഞ്ചിച്ഛൂഷത്തെ ജർമ്മൻ ബോംബിനെക്കാട്ടിലും ഭാഷാലോകത്തിന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. പക്ഷേ, ഇതിൽനിന്നു രക്ഷപ്രാപിക്കാൻ ഒരൊററ വഴിമാത്രം നിർദ്ദേശിച്ചുകാണുന്നുണ്ടു്. വൈയാകരണശിരോമണിയുടെ അഭിപ്രായം ന്യായമാണെന്നും കിഞ്ചിച്ഛൂഷം തുച്ഛമാണെന്നും മല്ലിനാഥനു തോന്നുക എന്നുള്ളതാണതു്. അതു് ദുസ്സാധവുമാണു്. വൈയാകരണശിരോമണി എവിടെപ്പോയോ?

ശബ്ദമേയില്ല. കല്ലിനാഥൻ ഉപന്യസിച്ച വ്യാകരണപ്രക്രിയ മല്ലിനാഥന്നു ന്യായ്യമാണെന്നു തോന്നുക സംഭാവ്യവുമല്ല. തനിക്കു അപവാദസൂത്രത്തിന്റെ അൎത്ഥം മനസ്സിലായിട്ടില്ലെന്നും താൻ അവൈയാകരണനാണെന്നും മല്ലിനാഥൻതന്നെ പറഞ്ഞിരിക്കുന്നു. അവൈയാരരണന്നു വ്യാകരണപ്രക്രിയ രുചിക്കുമോ? രുചിക്കാത്തതു് ന്യായ്യമാണെന്നു തോന്നുമോ? അതുകൊണ്ടു് വീണ്ടും താണുതൊഴുതപേക്ഷിക്കുന്നു:- ആസ്ഥാനപണ്ഡിതന്മാരോടുപോലും ചോദിക്കാതെ കിഞ്ചിദ്ദ്വേഷം പുറത്തെടുത്തു് വ്യക്തിവിദ്വേഷത്തിന്റെ ദുൎഗ്ഗന്ധം പരത്തി ഭാഷാലോകത്തെ നശിപ്പിക്കരുതെന്നു്. അകാരണവും അന്യായവുമായി ദ്രോഹിച്ചു് പ്രജകളെ ക്ഷോഭിപ്പിക്കരുതെന്നു്.

അശാബ്ദികൻ ശബ്ദസാധ്വസാധുത്വമനുശാസിക്കുന്നു. സാഹിത്യശാസ്ത്രവ്യുല്പത്തിരഹിതൻ ലോകവ്യുല്പത്തിയുംകൊണ്ടു് സാഹിത്യശാസ്ത്രം ഭാഷാന്തരീകരിക്കുന്നു. സാഹിത്യലക്ഷണം നിൎവ്വചിക്കുന്നു. അഹോ! ഭാഷാലോകത്തിന്റെ പരമഭാഗ്യം!

## * ശ്രീകാരാസ്കരവനേശസ്തവം.

പേരാളീടുന്ന കാരാസ്കര വനഭുവി താൻ മേവിടും ദേവ! ദേവ-
ന്മാരാകെക്കൈവണങ്ങും തവ പദയുഗളത്തിന്നടുത്തെത്തുവാനും
ആരാധിക്കുന്നതിന്നും തരമിവനിതുനാൾ നൂനമുണ്ടാകകൊണ്ടേൻ
ഘോരാധിക്രീഡനത്തിന്നിഹ വിരതി ഭവിച്ചെന്നു ഞാൻ നിശ്ചയിച്ചു.

2

മന്നിൽ സൎവ്വാഭിലാഷപ്രദസുരതരുവാം ദേവ നിൻ ദിവ്യമാകും
സാന്നിദ്ധ്യംകൊണ്ടു കാരാസ്കരവനമധികം നന്ദനോദ്യാനഭാസ്സായ്
അന്നിൻ സന്ദൎശനത്താൽ വിവിധതര മഹാവ്യാധിതൻ ബാധയേല്ലാ-
രുന്നിദ്രാരോഗ്യഭാഗ്യോദയമവിരതമുൾക്കൊൾവതോ യുക്തമല്ലോ.

3

നേത്രത്തിൽ പൊങ്ങുമാനന്ദജസലിലമിയന്നാനനം സിക്തമാക്കി-
ഗ്ഗാത്രത്തിൽ പേൎത്തുരോമോദ്ഗമമൊടു കരതാരാദരം പൂണ്ടു കൂപ്പി
സ്തോത്രം ചൊല്ലിജ്ജപിച്ചങ്ങിതരകഥകളെസ്സൎവ്വവും വിസ്മരിച്ച-
മ്മാത്രയ്യൊന്നാലുമാർ നിന്നരികിൽ മരുവുവോനായവൻ തന്നെ ധന്യൻ.

4

ജീവൽക്കാലത്തിലെന്നെങ്കിലുമൊരു ദിവസം നിൻസമീപത്തിലെത്തി-
ബ്ഭാവൽകം കാൽ വണങ്ങി കുതുകമൊടു നമിക്കാത്തമൎത്ത്യന്റെ ജന്മം

* കാഞ്ഞിരങ്ങാട്ടു ക്ഷേത്രത്തിൽ ചെന്നു് ദേവദൎശനം ചെയ്തതു സംബന്ധിച്ചു് നിൎമ്മിച്ചതു്.

ഹം! വന്ധ്യംതന്നെ പാരിൽ ക്രിമി തൃണമിവയെക്കാളവൻ തുച്ഛതുച്ഛൻ
നീ വത്തിക്കുന്ന കാരാസ്ക്കരവനമതു തൻ മേന്മയത്യന്ത ദിവ്യം.

5

ചിന്തിക്കും മുൻപു ഭക്തക്കഭിമതമഖിലം നല്കിടും ദേവ! നിത്യം
വൻ തിക്കും തള്ളലും നിൻ നടയിലവിരതം വായ്പതോ യുക്തമല്ലോ
പന്തിക്കുത്സാഹമോടേവനുമഭിമതലാഭോദിതാനന്ദമേന്തി-
ച്ചാന്തിക്കും മോഹഭാരത്തിനുമിടയണയാതീശ! നിന്നെബ് ഭജിപ്പൂ.

6

ഭൂമൻ! നീ വൈദ്യനാഥൻ, രുജകളിലുഴലും പാപി ഞാൻ, കാലനെത്താ-
നാമർദ്ദിച്ചുള്ളവൻ നീ, സതതസമയവും കാലനിൽ ഭീവശൻ ഞാൻ
കാമം പീയൂഷധാമാഭരണനയി ഭവാൻ ശോകഹാലാഹലംകൊ-
ണ്ടീമന്ദൻ ദഗ്ധനന്നീയൊഴികെയെവനെനിയ്ക്കാശ്രയം വിശ്വബന്ധോ!

7

വന്നില്ലിന്നേവരയ്ക്കും തവ നികടമതിൽ താവകം പാദപത്മം-
തന്നിൽ ഭക്ത്യാ നമിക്കുന്നതിനു ചെറുതു ചാഞ്ഞില്ല മന്മൗലി കഷ്ടം!
തന്നിസ്തുല്യസ്തവം ചൊൽവതിനിളകിയതില്ലെൻെറ ജിഹ്വാഞ്ചലം താ-
നെന്നിട്ടും പാപിയെന്നെ പ്രിയമൊടു പരിപാലിച്ചിടും നീ ദയാബ്ധി.

8

എന്താണീയിന്ദ്രജാലം! തവ നികടമിവൻ വന്നു വന്നില്ലതിന്നു-
മ്പെന്താപാഭിഖ്യമാകും മരു, ശുഭവിബുധോദ്യാനമായ് മാറി രൂപം
ചിന്താമേഘം കറുപ്പിച്ചൊരു ഹൃദയനഭസ്സാകെ നന്നായ് തെളിഞ്ഞ-
ച്ചന്താനന്ദാഭിധേന്ദൂദയസുരുചിരമായ് വിസ്മയം! നിൻ വിഭൂതം.

9

കാടും കുന്നും പ്രവാഹം പെരുകിന പുഴയും നീണ്ട മാർഗ്ഗങ്ങളും ഞാൻ
കൂടും യത്നാൽ കടന്നീ സ്ഥലമധിഗതനായില്ലതിൽ ശോകലേശം
ആടും ചേതസ്സു നിത്തിശ്ശമരതർ മുനിമാർ യോഗമാർഗ്ഗേണ നിത്യം
തേടും തദ്ദിവ്യതേജസ്സുഴകൊട്ട മിഴിയാൽ പീതമായ് പൂതനായ്ഞാൻ.

10

മുന്നിൽ കാണുന്നു, കാരാസ്ക്കരവനവിബുധോദ്യാനസന്താനമേ! ഞാൻ
സന്നിത്യാനന്ദസമ്പല്ലുതീ യകൃതകമൂഠക്കൊണ്ടിട്ടും നിൻ സ്വരൂപം
എന്നിൽ, പണ്ടെങ്ങുമീ ഞാൻ സ്വപനദശയിലും ഹം! ഗ്രഹിക്കാത്തതാകും
വന്നിസ്തുല്യപ്രമോദം പ്രകടമുദിതമായ് വന്നു ഞാൻ പുണ്യവാനായ്.

11

താപം താപം ഭജിച്ചു, ജനിവിഷമയമായ്ത്തീർന്നു നട്ടംതിരിക്കും-
പാപം ഭാണ്ഡം മുറുക്കീ, ഭവരജനികലാശിച്ചു നേരം വെളുത്തു
ആപദ്ഗർത്തം നികന്നുപുരഹര! ഭഗവൻ! ദിവ്യഭാസ്സാംളിട്ടും നിൻ
രൂപം തെല്ലൊന്നു കണ്ണിൽ പതിയവെയിവനെന്താമയം മാഞ്ഞതില്ല.

12

നോട്ടത്താൽത്തന്നെ ഭക്തക്കടയ വിവിധമാം ജന്മപീഡാകുലത്തെ
കൂട്ടത്തോടേ തുരത്തിത്തുഹിനകരകലാചൂഡ! നീ തുഷ്ടിയോടേ

വാട്ടം തട്ടാത്ത സൌഖ്യത്തിനു വിളനിലമാക്കുന്നു ചേതസ്സ, പിന്നെ-
ത്തിട്ടംതാനേകിട്ടുന്നൂ സകലവിധ മഹൈശ്വര്യ്യവും ശശ്വദാഭം.

13

ക്ഷുദ്രന്മാരാം പ്രഭുക്കൾക്കടയ പദയുഗം കാശിനാശിച്ചു കൂപ്പാം
ഭദ്രം നല്കും ഭവാൻതൻ കഴലിനരികിലോ കൂമ്പുകില്ലാക്കരാബ്ജം
ഹൃദ്രംഗത്തിൽച്ചിതാഹങ്കൃതിപെടുമവരിൽ സ്തോത്രപൂരം പൊഴിക്കാം
സദ്രൂപാകാരനാം നിൻ സ്തുതികളരുളുവാൻ നിദ്രിതം ജിഹ്വയാക്കം.

14

വൈരസ്യം ചേന്ന നാനാവിഷയവനമതിൽക്കാമവൃക്ഷങ്ങളേറി-
സ്സൈരം ചാടിത്തകത്തിങ്ങിനെ ചപലത കാട്ടുന്ന ഹൃത്പോനരേന്ദ്രൻ
സാരം കൈക്കൊണ്ടടക്കത്തൊട്ടു ശമരതനായ് പൂണ്ണസൌഖ്യം ഭജിക്കാൻ
സ്ഫാരം യുഷ്മൽകടാക്ഷാമൃതമുപഗതമായെങ്കിലേ സാദ്ധ്യമാവൂ.

(തുടരും.) വടക്കുംകൂർ, രാജരാജവമ്മരാജാ.

# രോഗിയുടെ മിത്രം.

(ഒരു ടാഗ്രർകഥ.)

(ദൌലത്‌രാമനും രാജാരാമനും തീവണ്ടിയിൽ അടുത്തടുത്തിരിക്കുന്നു.)

രാജാറാം:— (തലയിൽ കൈവെച്ചുകൊണ്ട്) ഹാവൂ! ഹാവൂ!!

ദൌലത്‌റാം:— (നെടുവീപ്പിട്ട്) കഷ്ടം! (രാജാറാമൻെറ നേരെ കാതരഭാവത്തോടെ ദനാക്കുന്നു.)

രാജാറാം:— (ദൌലത്‌റാമനെ തൻെറ നേരേ സശ്രദ്ധനായ്ക്കണ്ടിട്ട്) താങ്കൾ വളരെ സൂക്ഷിച്ചുനോക്കുന്നുവല്ലോ. എന്താ വിശേഷം!

ദൌലത്‌റാം:— അല്ല, ഞാൻ മറെറാന്നുമല്ല നോക്കുന്നത്. താങ്കളെ കണ്ടിട്ട് എനിക്കെൻെറ സഹോദരൻെറ മരണത്തെപ്പററി ഓമ്മവന്നുപോയി. കഷ്ടം! (നെടുവീപ്പിടുന്നു.)

രാജാറാം:— താങ്കളുടെ ആശയം എനിക്കു മനസ്സിലായില്ല.

ദൌലത്:— ഞാൻ പറയുന്നതു് പരമാത്ഥമാണ്. മരണസമയത്ത് അദ്ദേഹത്തിൻെറ മുഖം തികച്ചും താങ്കളുടെ മുഖംപോലെയിരുന്നിരുന്നു.

രാജാ:— (പരിഭ്രമത്തോടെ) എന്തു്, അതുവ്വോ?

ദൌലത്:— സത്യമായും, ഇതേ തരത്തിൽ അയാളുടെ കണ്ണുകൾ കുഴി

ഞ്ഞുപതിഞ്ഞിരുന്നു; കവിളുകളിലെ തൊലി ചുക്കിച്ചുളിഞ്ഞുപോയിരുന്നു; കൈകാലുകൾ മരവിച്ചുപോയിരുന്നു; ചുണ്ടു വെളുത്തുപോയിരുന്നു; മുഖം വിളർത്തുമിരുന്നിരുന്നു.

രാജാ:— (വ്യാകുലഭാവത്തോടെ) ഇപ്പൊഴങ്ങു പറയുന്നതെന്താണ്? ഇപ്പറഞ്ഞതാണോ എൻെറയും നില? വേറെയാരും എന്നോടിങ്ങനെ പറഞ്ഞില്ല ഇക്കാര്യം.

ദൌലത്:— വല്ലവരും പറയുമോ? യഥാർത്ഥമിത്രം ഈ ലോകത്തിലെവിടെ? (ദീർഘശ്വാസം)

രാജാ:— ഡാക്ടറാണെങ്കിൽ, എന്നോടു പിന്നേയും പിന്നേയും പറഞ്ഞിട്ടുണ്ട്, വിചാരപ്പെടുവാൻ തക്ക സ്ഥിതിയൊന്നുമില്ലെന്ന്.

ദൌലത്:— ഡാക്ടർ! ഡാക്ടരുടെ വാക്കിൽ അങ്ങു വിശ്വസിച്ചിരിക്കുന്നുവോ? ആപത്തുകാലത്ത് ആശ്വാസം നല്കേണ്ടതു് അയാളുടെ കടമയാണ്. ഒടുവിൽ കൈ-കാലുകൾ തണുത്ത് രോഗി മരവിയ്ക്കാൻതുടങ്ങുമ്പോൾ, അയാളുടെ മിഴികൾ മട്ടുമാറുമ്പോൾ, പിന്നെ അയാളുടെ .....

രാജാ:— (ദൌലത്രാമൻെറ കൈപിടിച്ചുകൊണ്ട്) മാപ്പുതരണേ, അങ്ങന്നേ! മതി, ഇനിയൊന്നും പറയാതിരിക്കണേ! എൻെറ കൈ-കാലുകൾ തണുക്കാൻ തുടങ്ങിരിക്കുന്നു. താങ്കളുടെ വർണ്ണനം പെട്ടെന്നു സത്യമായിപ്പോകും. (നെഞ്ചത്തു കൈവെച്ചുകൊണ്ട്) ഹോ!!

ദൌലത്:— താങ്കൾ കാണുന്നുണ്ടല്ലോ; ഞാനൊരു കാര്യം പറഞ്ഞേയ്ക്കാം - ഡാക്ടർ പറയുന്നതിൽ അങ്ങ് അല്പംപോലും വിശ്വസിക്കരുത്. ആകട്ടേ, ഞാനൊന്നു ചോദിയ്ക്കാം. താങ്കൾ രാത്രിയിൽ ബോധംകെട്ടല്ലേ ഉറങ്ങുന്നതു്.

രാജാ:— ആ! അങ്ങനെയല്ലാതെ എനിയ്ക്കുറങ്ങാൻ കഴിയുന്നില്ല.

ദൌലത്:— (നിശ്വസിച്ചിട്ട്) എൻെറ സഹോദരനും ഇതേ സ്ഥിതിയായിരുന്നു. അയാൾക്ക് തിരിഞ്ഞുകിടക്കാൻ കൂടി കഴിഞ്ഞിരുന്നില്ല.

രാജാ:— എന്നാൽ, എനിയ്ക്ക് വേണമെന്നു തോന്നുമ്പോൾ തിരിഞ്ഞുകിടക്കാൻ കഴിയുന്നുണ്ട്.

ദൌലത്:—ഇപ്പോൾ തിരിഞ്ഞുകിടക്കാൻ കഴിയുന്നുണ്ടാവാം; എന്നാൽ പതുക്കെപ്പതുക്കെ അതുകൂടി വയ്യാത്ത പതനത്തിലാകും നിശ്ചയം!

രാജാ:— എന്ത്! ഉള്ളതോ?

ദൌലത്:— പതുക്കെപ്പതുക്കെ, താങ്കൾക്ക് ഇടത്തുവശത്തേ ആറാം

വാരിയിൽ വേദന വന്നുകൂട്ടം. കാലിൻെറ വിരലുകഠം തീരെ നിശ്ചേഷ്ടമായിപ്പോകും; സന്ധിബന്ധം കുഴഞ്ഞുഴിഞ്ഞുപോകും.

രാജാ:— (തലയിലെ വിയപ്പു തുടച്ചുകൊണ്ട്) ഞാൻ താങ്കളെക്കൊണ്ട് 'ആണയിടുന്നു'; ഇനി മിണ്ടാതിരിയ്ക്കണം. എൻെറ ഹൃദയം തുടിച്ചുകൊണ്ടിരിയ്ക്കുന്നു.

ദൌലത്:— താങ്കഠം ഇപ്പോഠം മുതലേ വളരെ സൂക്ഷിച്ചുകഴിച്ചുകൂട്ടണം.

രാജാ:— സൂക്ഷിച്ചിരിക്കാമെന്നു ഞാൻ സമ്മതിച്ചു. പക്ഷേ, ഇതു പറഞ്ഞുതരൂ, ഞാനിപ്പോഠം എന്തുചെയ്യണം?

ദൌലത്:— താങ്കഠം 'അലോപ്പതി' (ഇംഗ്ലീഷ്) ചികിത്സയാണോ ശീലിയ്ക്കുന്നതു്?

രാജാ:— അതേ.

ദൌലത്:— ഹായ്! 'അലോപ്പതി' മരുന്ന് വിഷമാണല്ലോ. രോഗത്തിനേക്കാഠം മരുന്നാണ് കൂടുതൽ ഭയങ്കരം! ഞാനാണെങ്കിൽ, ഡാക്ടരെ യമരാജനേക്കാളുമധികം ഭയപ്പെടുന്നു.

രാജാ:— (ശങ്കിതനായിട്ട്) അതേ, എന്നാൽ എന്താണ് ഞാൻ ചെയ്യേണ്ടതു്? 'ഹോമിയോപ്പതി' ചികിത്സ ചെയ്താലോ?

ദൌലത്:— അതിൽവെറും പച്ചവെള്ളമല്ലേ ഉള്ളു!

രാജാ:— എന്നാലിനി നാട്ടുവൈദ്യനെ വിളിച്ചാലോ?

ദൌലത്:— അതിലും ഭേദം ഇതു് ആയിരിക്കും, - കുറച്ചു 'കറപ്പ്' തിന്നുക - കൂടെ കുറച്ച് കട്ടെണ്ണയും കഴിയ്ക്കുക!

രാജാ:— രാമ! രാമ!! എന്നാൽ പിന്നെ എന്താ ചെയ്യേണ്ടതു്, എജമാനനേ!

ദൌലത്:— ഒന്നും ചെയ്യേണ്ട; ഞാൻ താങ്കളോടു പരമാത്ഥം പറയുകയാണ് - ഇതിനിനി ഒരുപായവും ഇല്ലതന്നെ.

രാജാ:— സഹോദര! രോഗിയായിരിക്കുന്ന എന്നെ ഇങ്ങനെ ഭയപ്പെടുത്തുന്നതു നന്നല്ല.

ദൌലത്:— ഭയം എന്തിനാണ്? 'ഇഷ്ടാ!' ഈ പ്രപഞ്ചത്തിൽ കേവലം കഷ്ടവും ദുഃഖവും ആപത്തുംതന്നെ നമുക്ക് എതിരിടാനുണ്ട്. നാലുപാട്ടം ക്രൂരിരുഠം. വിഷാദമേഘങ്ങഠം ചുററം കൂടിയിരിക്കുന്നു. 'അയ്യോ! അയ്യോ!' അല്ലാതെ മററൊന്നും കേഠംക്കാനില്ല. ഇവിടെ നമ്മഠം മൂക്കപ്പൊമ്പിൻെറ മാളത്തിൽ കഴിയുമ്പോലെ കരുതിക്കൊള്ളു. ഇവിടെ നിന്നു 'കടന്നുകളയുന്നതു്' എത്രയും നല്ലതു്!

രാജാ:— നോക്കൂ! ഡാക്ടർ എന്നോടു പറഞ്ഞിട്ടുണ്ട് (വീർപ്പിട്ടുകൊണ്ട്) 'നിങ്ങൾ എപ്പോഴും സന്തുഷ്ടനായും സന്തോഷമായും ഇരിയ്ക്കണം' എന്ന്. താങ്കളുടെ ഈ മുഖം കണ്ടു കണ്ട് എന്റെ ദണ്ണം കൂടി കൂടിത്തന്നെ വരുന്നു. എന്നെ കണ്ടിട്ട് താങ്കൾക്ക 'സഹോദരദുഃഖം' പുതുകിപ്പുറപ്പെട്ടു. എന്നാൽ താങ്കളുടെ ഈ ഇരുണ്ട 'കെട്ടുതാടി' യിൽനിന്ന് ഒരൊന്നര 'ഡസൻ' പുത്രശോകം ഉറവെട്ടുത്തുകഴിഞ്ഞിരിക്കുന്നു! താങ്കൾ ഏതെങ്കിലും ഒരു നല്ല കാര്യം പറയൂ. ഇതു് ഏതു സ്റ്റേഷനാണ് 'സാറേ!'

ദൌലത്:— ഇതു് 'ലക്ഷ്മണപുരം' സ്റ്റേഷനാണ്. ഇവിടെ ഇക്കൊല്ലം 'കാളറാ' പരന്നുകഴിഞ്ഞിരിയ്ക്കുന്നു!

രാജാ:— സംഭ്രമപ്പെട്ടുകൊണ്ട് 'കാളറാ!' എന്താ താങ്കൾ പറഞ്ഞതു്? ഇവിടെ എത്രനേരം വണ്ടി നില്ക്കും?

ദൌലത്:— അരമണിക്കൂർ. ഇവിടെ അഞ്ചു മിനിട്ടുപോലും നില്ക്കുന്നതു നന്നല്ല.

രാജാ:— (തിരിഞ്ഞിട്ട്) അയ്യയ്യോ!

ദൌലത്:— ഭയപ്പെടുന്നതു വളരെ ചീത്തക്കാര്യമാണ്. ഭയപ്പെട്ടാൽ 'കാളറ' വളരെ വേഗത്തിൽ പിടിപെടുന്നതാണ്. ലാറിസ്സായിപ്പിന്റെ പുസ്തകത്തിൽ എഴുതിയിട്ടുണ്ട്.

രാജാ:— താങ്കൾ എന്നെ വിട്ടുപിരിഞ്ഞാൽ, പേടിയും എന്നെ വിട്ടു 'പിരിഞ്ഞാലും' താങ്കളുടെ സംഭാഷണം കേട്ടുകേട്ട് എന്റെ കരൾ കിടന്നുതുടിയ്ക്കുന്നു. താങ്കൾ ഡാക്ടരെ വിളിച്ചുകൊണ്ടുവന്നാലും. എന്റെ സ്ഥിതി തുലോം മോശമായിക്കൊണ്ടിരിയ്ക്കുന്നു.

ദൌലത്:— ഡാക്ടർ എവിടെയുണ്ട്?

രാജാ:— എന്നാൽ, സ്റ്റേഷൻമാസ്റ്ററേ വിളിയ്ക്കണം!

ദൌലത്:— വണ്ടി വിടാറായിരിയ്ക്കയാണ്.

രാജാ:— എന്നാൽ, ഗാർഡിനേ വിളിയ്ക്കണം.

ദൌലത്:— ഗാർഡ് താങ്കൾക്കെന്തുചെയ്യാൻ ശക്തനാകും? (ദീർഘശ്വാസമിടുന്നു.)

രാജാ:— എന്നാൽ ഭഗവാനെ വിളിച്ചുകൊണ്ടുവരണം; ഞാൻ ഇതാ മരിയ്ക്കുന്നു. (മോഹാലസ്യപ്പെടുന്നു.)

ദൌലത്‌രാമൻ കൂടെക്കൂടെ ദീർഘശ്വാസം ചെയ്യുന്നു, പാടുന്നു:—

['മനമേ! ചെയ്യുന്നാത്തെയുപായം'
'മനമേ! ചെയ്യുന്നാത്തെയുപായം']

പണ്ഡിതർ, ഇ. വി. രാമൻ നമ്പൂതിരി, വിദ്യാരത്നം.

## * എന്റെ ഗുരുനാഥൻ.

മിക്ക സാഹിത്യകാരന്മാരും മഹാകവികളും എന്റെ അനുഭവത്തിൽ കപടനാട്യക്കാരും സ്വാർത്ഥലാഭേച്ഛുക്കളുമായാണ് കണ്ടുവരാറ്. എന്നാൽ ശ്രീമാൻ സെബാസ്റ്റ്യൻ അവർകളെപ്പോലെ അത്ര ഹൃദയനൈർമ്മല്യവും സ്നേഹശീലവും സംസ്കാരവും തികഞ്ഞ ഒരു പണ്ഡിതവര്യൻ ഇല്ലെന്നു പറയുന്നതായിരിക്കും ഉത്തമം. നാലേ നാലുകൊല്ലത്തെ പരിചയമേ എനിക്കദ്ദേഹമായിട്ടുള്ളു. എന്നാലും ആ ഗുരുവര്യന്റെ സ്നേഹമസൃണങ്ങളായ ഉപദേശങ്ങളാണ് എന്നെ സംസ്കൃതനാക്കിയതെന്ന് എനിക്കു സമ്മതിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

അടുത്ത ദിവസമാണ് അദ്ദേഹം പെൻഷൻ പററിപ്പിരിഞ്ഞതു്. കവിഭാഷയിൽ പറകയാണെങ്കിൽ, സെന്തോമസ് കോളേജിന്റെ അചേതനങ്ങളായ ഭിത്തികൾപോലും വ്യസനം പ്രകടിപ്പിച്ചിട്ടുണ്ടായിരിക്കും അന്ന്. കാലമണിയിച്ച 'മുല്ലമാലയും വരക്കുറി'യും എന്റെ ഗുരുനാഥനിൽ എനിക്കു ആദ്യമേതന്നെ കാണുവാൻ കഴിഞ്ഞിരുന്നു. വാർദ്ധക്യഗ്രസ്തമെങ്കിലും എത്ര പ്രഹർഷപ്രദമാണ് ആ മുഖം! അദ്ദേഹത്തിന്റെ വാക്കിൽ അലിഞ്ഞുപോകാത്ത ഹൃദയമില്ല. എല്ലാവരോടും സൌഹാർദ്ദഭാവത്തിലേ അദ്ദേഹം വർത്തിക്കുകയുള്ളു. ഈ ലേഖകന്റെ ആശയരൂപീകരണത്തിൽ വല്ലതും പങ്കുവഹിച്ചിട്ടുണ്ടെങ്കിൽ ഒന്ന് ഗാന്ധിയൻ തത്വചിന്തയും മറേറതു് എന്റെ ഗുരുനാഥന്റെ ഉപദേശവുമാകുന്നു.

എന്റെ ഗുരുനാഥൻ ഒരു കവിയശഃപ്രാർത്ഥിയല്ല. 'സംസ്കൃത'നായ ഒരു പണ്ഡിതൻമാത്രമാണ്. ജീവസന്ധാരണത്തിനുവേണ്ടി അദ്ദേഹം തൂലികയെടുത്തതായി അറിവില്ല. വല്ലവരും ആവശ്യപ്പെട്ടെങ്കിൽ ലേഖനമെഴുതും എന്നല്ലാതെ വല്ലതും വാരിവലിച്ചെഴുതുന്ന സമ്പ്രദായം അദ്ദേഹത്തിനറിഞ്ഞുകൂടായിരുന്നു. ബി. ഏ. ക്ക് 'ഉത്തരാസ്വയംവരം ആട്ടക്കഥ' പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഞങ്ങൾ ഏതൽപ്രസ്ഥാനത്തെക്കുറിച്ചു് ചില ലേഖനങ്ങളെഴുതുവാൻ അദ്ദേഹത്തോടപേക്ഷിക്കുകയുണ്ടായി. ഉടനെതന്നെ ആ അപേക്ഷ അദ്ദേഹം നിറവേററുകയും ചെയ്തു. ഇത്ര ശിഷ്യവാത്സല്യമുള്ള ഒരു ഗുരുനാഥനെ എവിടെക്കാണും?

രണ്ടു സംസ്കൃതപണ്ഡിതന്മാരെമാത്രമേ ഞാനറിയുകയുള്ളു. ബ്രഹ്മശ്രീ അനന്തനാരായണശാസ്ത്രി അവർകളും വിദ്വാൻ ഏ. വി. സെബാസ്റ്റ്യനുമാണവർ. ശ്രീമാൻ സെബാസ്റ്റ്യൻ കേരളത്തിലെ ഒരു

തികഞ്ഞ വൈയാകരണനനാണെന്നു ആരും സമ്മതിക്കും. സ്വപാണ്ഡിത്യവും പ്രൌഢിയും പ്രദശിപ്പിക്കുവാൻ പാടുപെടുന്ന പ്രഫസർമാരേ ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ അശുക്ഷാഭ്യനായിഗ്ഗംഗതന്നിലെ ഹ്രദം പോലെ'യാണ് എൻെറ ഗുരുനാഥൻ

ശ്രീമാൻ സെബാസ്ത്യൻ 'ഒരെണ്ണംപറഞ്ഞ' പണ്ഡിതനാണെന്നു തെളിയിക്കാൻ അദ്ദേഹത്തിൻെറ 'ഭാഷാശാസ്ത്രം' ഒന്നുമാത്രം മതി. മിക്ക പ്രശസ്ത പണ്ഡിതന്മാരുടേയും സമ്പക്കം അദ്ദേഹത്തിനു ലഭ്യമായിട്ടുണ്ട്. ഒരു കവിയെന്ന നിലക്ക് വലിയ പദവിയൊന്നും അദ്ദേഹത്തിനു നേടുവാൻ കഴിഞ്ഞിട്ടില്ലെങ്കിലും ദ്രുതകവനത്തിലും ശയ്യാസജ്ജീകരണത്തിലും പദഘടനയിലും അദ്ദേഹത്തിനുള്ള പാടവം അന്യാദൃശമത്രേ. താഴെ ചേക്കുന്ന ഒരു സമസ്യാപൂരണം നോക്കുക:

* അന്തിയ്ക്കും പകലും പകച്ചു പലമട്ടന്തിക്കുമാറാശയം
വെന്തിബ്ഭോഗസുഖം തുടങ്ങരുതു ഭ്രുവെന്തിത്ര സമ്രമ്യമോ?
പന്തിന്നൊത്ത മൃഗാക്ഷിമാരുടെ മുലപ്പന്തിക്കിണങ്ങിസ്സുഖം
ചിന്തിച്ചേറെ മദിച്ചിടാതെ മനമേ, ചിന്തിക്കകാർവണ്ണനെ'

'ശ്രീരാമവമ്മ' എന്ന പേരിൽ ഒരു മഹാകാവ്യം അദ്ദേഹം രചിക്കയുണ്ടായിട്ടുണ്ട്. പക്ഷേ അതു പ്രസിദ്ധീകരിച്ചിട്ടില്ല. മാന്നാനം ഹൈസ്കൂളിലായിരിക്കുമ്പോൾ അദ്ദേഹമെഴുതിയ 'തെററായ കുററാരോപണം' എന്ന പ്രഹസനം ഏററവും സരസമധുരമായിട്ടുണ്ട്. 'പെൺമലയാളം' എന്ന പ്രഹസനത്തിൽ നമ്പൂരിയുടേയും മററും വേഷമഭിനയിച്ച ശ്രീമാൻ കെ. കെ. ഗോപാലപിള്ള, തൻെറ അഭിനയവൈശിഷ്ട്യത്തിന്നു നിദാനമായിത്തീന്നതു് ശ്രീമാൻ സെബാസ്ത്യൻെറ ശ്രദ്ധയും പരിശീലനവുമാണെന്ന് എന്നോടു പറയുകയുണ്ടായതു് ഇത്തരുണത്തിൽ വിസ്മരിക്കാവുന്നതല്ല.

പത്രപ്രവത്തനകലയിൽ അദ്ദേഹത്തിനുള്ള പ്രാവീണ്യം പ്രശംസനീയമാണ്. 'നസ്രാണിദീപിക'യുടെ പത്രാധിപരായിരുന്ന കമ്മനം കെ. ഗോവിന്ദപ്പിള്ളയാകുന്നു ഇതിലദ്ദേഹത്തിൻെറ മാഗ്ഗദശി. തൃശ്ശിവപേരൂരായിരിക്കുമ്പോൾ 'കേരളം' എന്നൊരു മാസികയും അദ്ദേഹം നടത്തുകയുണ്ടായി.

ഒരു നിരൂപകനെന്ന നിലക്കാണ് എൻെറ ഗുരുനാഥൻെറ പ്രാശസ്ത്യം വ്യാപരിച്ചിരിക്കുന്നതു്. ഇതു പ്രശാന്തകോമളനായ ഒരു

* ഇദ്ദേഹം മാന്നാനം ഹൈസ്കൂളിൽപണ്ഡിതരയിരിക്കുമ്പോൾ ഒരു യുവസാഹിത്യകാരനുവേണ്ടി പെട്ടെന്നു് പൂരിപ്പിച്ചുകൊടുത്തതാണീപദ്യം. അന്ന് ഇദ്ദേഹം ഒരുനിമിഷകവികൂടി ആയിരുന്നു എന്നു പറയുവാൻ ഞങ്ങൾക്കു ധൈര്യമുണ്ട്. രാ. പ.

നിരൂപകനെ ഞാൻ വേറെ കണ്ടിട്ടില്ല. ബി. എ. ക്ലാസ്സിൽ ശാകുന്തളം പഠിപ്പിക്കുമ്പോളാണ് എനിക്കദ്ദേഹത്തിൻെറ നിരൂപണകലയിലുള്ള വൈദഗ്ദ്ധ്യം പൂർണ്ണമായും ഗ്രഹിക്കുവാൻ കഴിഞ്ഞതു്. സരസദ്രുതകവികിരീടമണിയായ കേരളവ്യാസനെ, കവിതാവിഷയകമായി, ഡാക്ടർ ജോൺസനെ അനുകരിച്ചു് അലക്സാന്തർ പോപ്പിനോടു താരതമ്യപ്പെടുത്തുവാൻ അദ്ദേഹത്തിനുമാത്രമേ ധൈര്യമുണ്ടായിട്ടുള്ളു. ഒരു പാഠ്യപുസ്തകമായി അംഗീകരിച്ചിരുന്ന ശ്രീമാൻ തെങ്ങുംമൂട്ടിൽ വർഗ്ഗീസു മാപ്പിള അവർകളുടെ 'വത്സചരിത'ത്തെ ഖണ്ഡനരൂപത്തിൽ വിമർശിച്ചിട്ടുള്ളതു് നിരൂപണദൃഷ്ടിയുള്ള ആക്കും നീരസപ്രദമായി അനുഭവപ്പെടുകയില്ല.

ശ്രീമാൻ കുട്ടമത്തിനെപ്പോലെ എൻെറ ഗുരുനാഥനും ഏററവും പുതുമക്കാരനായ ഒരു പഴമക്കാരനാകുന്നു. പാശ്ചാത്യപരിഷ്കാരവും മിഥ്യാഭിമാനവും അദ്ദേഹത്തെ ഏതിരനാക്കിയിട്ടില്ല. എന്തൊന്നില്ലാത്ത ഒരു നവീനത്വമുണ്ടു് അദ്ദേഹത്തിൻെറ ആശയങ്ങൾക്കു്.

കൈരളീദാസനായ ഈ മഹാപണ്ഡിതൻ ചിരകാലം സർവ്വാൽക്കർഷേണ വത്തിക്കുവാൻ സർവ്വേശ്വരൻ കനിയുമാറാകട്ടെ! *

സി. പ്രഭാകരൻ, ബി. എ.

* * ഞങ്ങളെ ഉള്ളഴിഞ്ഞുസ്നേഹിക്കുന്ന ഉത്തമമിത്രവും യഥാത്ഥവിദ്വാനും ആയ ശ്രീമാൻ എ. വി. സെബാസ്റ്റ്യൻ അവർകളോടു് ഞങ്ങൾക്കുള്ള നിസ്സീമമായ ഭക്തിവിശ്വാസബഹുമാനങ്ങൾ ഈ അവസരത്തിൽ പ്രസ്പഷ്ടമാക്കിക്കൊള്ളുകയും അദ്ദേഹം അരോഗദൃഢഗാത്രനായി സവൈശ്വര്യങ്ങളോടുകൂടി ചിരകാലം വാഴുന്നതിന് സർവ്വശക്തനായ ജഗദീശ്വരൻ കടാക്ഷിക്കുമാറാകട്ടെ എന്നു് പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

രാ. വ.

## ഒരു വിശിഷ്ടചരമം.

രാജഷിയുടെ (സ്ഥാനത്യാഗംചെയ്ത മഹാരാജാവു തിരുമനസ്സിലെ) പ്രശസ്താദരകരുണാസന്തോഷങ്ങൾക്കു പാത്രീഭൂതന്മാരായ തൃപ്പാദാശ്രിതപണ്ഡിതന്മാരിൽവെച്ചു മുഖ്യഗണ്യനും വൈദ്യവരിഷ്ഠനുമായിരുന്ന ഇ. കുഞ്ഞൻവാരിയരേ കുറിച്ചു കേട്ടറിവെങ്കിലും ഇല്ലാത്തവരും സവിശേഷം ബഹുമാനിക്കാത്തവരും മലയാളികളിൽ എത്രയോ ചുരുക്കം പേർ മാത്രമേ ഉണ്ടാവുകയുള്ളുവെന്നു് ആക്കും സധൈര്യം പറയാവുന്ന സംഗതിയാണു്. ഇദ്ദേഹം 1115 മീനം 22-ാംനു- വ്യാഴാഴ്ച രാത്രി 9½ മണിക്കുശേഷം കിളിമംഗലത്തുള്ള സ്വഗൃഹത്തിൽവെച്ചു് അവസാനംവരേ സ്വബോധത്തോടും ഈശ്വരവിചാരത്തോടും കൂടി തൻെറ 82-ാംവയസ്സിൽ വിദ്വാന്മാരായ അനുജന്മാരുടേയും മരുമക്കളുടേയും ശിഷ്യന്മാരുടേയും മററും യഥോചിതശുശ്രൂഷാസുഖം അനുഭവിച്ചുകൊണ്ടു പരമഗതിയേ പ്രാപിച്ചവിവരം പത്രങ്ങളിൽനിന്നു പലരും ഗ്രഹിച്ചിരിക്കുന്ന സംഗതിയാണല്ലോ.

എന്നാൽ ഇതിൽ ഒരു വിശേഷസംഭവം ഉണ്ടായതു പ്രത്യേകം എടുത്തുകാണിപ്പാനാണു് ഈ ലേഖനം എഴുതുന്നതു്. അതെന്തെന്നാൽ ആ മീനം 15-ാംനു-ക്കുശേഷം ഇദ്ദേഹത്തിൻെറ ശിഷ്യവർഗ്ഗത്തിൽപെട്ട വൈദ്യവിചക്ഷണനും സാഹിത്യനിപുണനുമായ എം. കുഞ്ഞൻ വാരിയർ ഇദ്ദേഹത്തെ ചെന്നു കാണുകയും ഗുരുനാഥൻെറ അസ്വാസ്ഥ്യം അധികമില്ലെന്നറിഞ്ഞു സമാധാനത്തോടെ സാനുവാദം ഗുരുവായൂർചെന്നു സേവിച്ചുതാമസിക്കുകയും ചെയ്തിരുന്നു.

21—ാംനു- ഏകാദശീവ്രതോപവാസം അവിടെ കഴിച്ചു ദ്വാദശിനാൾ കാലത്തു കുളിയും ദർശനവും പാരണയും മററും കഴിഞ്ഞപ്പോളാണു അദ്ദേഹത്തിന്നു് 'ഇന്നു രാത്രിക്കു് ഗുരുസന്നിധിയിലെത്തണം' എന്നു സ്ഫുടം തോന്നിയതു്. അതുപ്രകാരം അന്നു സന്ധ്യക്കുമുമ്പിൽ അടുത്തെത്തിയ സമയം 'ഇന്നു താൻ വന്നതു് അത്യുചിതമായി. ജ്യേഷ്ഠന്നല്പം അധികമാണു്'' എന്നു പരിഭ്രമത്തോടെ സാശ്ചര്യം സസന്തോഷം ഇദ്ദേഹത്തിന്റെ അനുജനായ അച്യുതവാരിയർ പ്രത്യേകം പറഞ്ഞു. അതു കേട്ടപ്പോൾ അദ്ദേഹം വേഗത്തിൽ കുളിച്ചു ഗുരുസന്നിധിയിലെത്തുകയും ഗുരുവായൂർ ഭജനം കഴിച്ചാണു വരുന്നതെന്നും മററും സാവധാനത്തിൽ ഗ്രഹിപ്പിക്കുകയും ചെയ്തു. അതെല്ലാം ഇദ്ദേഹം അപ്പോൾ ശ്വാസഗതിയുടെ വൈഷമ്യം നിമിത്തം സസന്തോഷം മൌനത്തോടെ സ്വീകരിക്കുകയാണുണ്ടായതു്. പിന്നെ അദ്ദേഹം ഗുരുമുഖത്തു സൂക്ഷിച്ചുനോക്കി സ്തോത്രംചൊല്ലിക്കൊണ്ടു കാക്കലും അനുജൻ അച്യുതവാരിയർ, മരുമകൻ രാഘവവാരിയർ ഇവർ നാമജപത്തോടെ തലക്കലും മററുള്ളവർ ചുററും വിട്ടുപോകാതെ പെരുമാറിയിരുന്നു. ആ സ്തോത്രത്തിന്നിടയിൽ ചില ഭക്തിരസപ്രധാനഘട്ടങ്ങൾ കേൾക്കുമ്പോൾ ഇദ്ദേഹം വളരേ പതുക്കെ രണ്ടുകൈകളുംകൂട്ടിത്തൊഴുതുകൊണ്ടു് "നാരായണ" എന്നു മന്ദസ്വരത്തിൽ സ്ഫുടസ്മരണപൂർവ്വകം ഉച്ചരിച്ചുകൊണ്ടിരുന്നതാണത്യത്ഭുതം.

'എല്ലാം ഒരുക്കിയില്ലേ' എന്നു് ഇദ്ദേഹംതന്നെ സുവ്യക്തമായി ചോദിച്ചതോടുകൂടി ഭസ്മം, ചന്ദനം, ഗോപി ഇവകളെ വിധിപ്രകാരം അംഗങ്ങളിൽ ധരിപ്പിക്കുകയും തീർത്ഥം സേവിപ്പിക്കുകയും പുല്ലു, മണൽ, വിളക്കു മുതലായതെല്ലാം അടുത്തൊരുക്കുകയും ചെയ്തിരുന്നു. ഇങ്ങിനെ കൃത്യസമയം എത്തിയപ്പോൾ കാൽ രണ്ടും ശിഷ്യനും തലയും കൈകളും അനുജഭാഗിനേയന്മാരും പിടിച്ചു വേണ്ടതുപോലെ നിലത്തിറക്കുകയും എല്ലാവരുടേയും പ്രദക്ഷിണനമസ്കാരങ്ങൾക്കു ശേഷം ആ പുണ്യജീവൻ ഈ പാഞ്ചഭൌതികപിണ്ഡത്തെ വിട്ടുപിരിയുകയും ചെയ്തു.

പണ്ടു് പുത്രവിചാരത്താൽമാത്രം നാരായണശബ്ദം ഉച്ചരിച്ചതുകൊണ്ടു് വളരെ വളരെക്കാലം പാപകൃത്യനിരതനായിരുന്ന അജാമിളന്നുംകൂടി കരുണാകടാക്ഷവിക്ഷേപണപുരസ്സരം മോക്ഷംകൊടുത്ത ഭക്തവത്സലനായ ഭഗവാൻ—മഹാവിഷ്ണു, ഉത്തരായണത്തിൽ ഏകാദശീവ്രതാനുഷ്ഠാനശേഷം ദ്വാദശി ദിവസംതന്നെ സ്തോത്രശ്രവണത്തിന്നിടക്കു തൃപ്പാദസ്മരണപൂർവ്വകം നാരായണനാമാക്ഷരപാരായണപരായണനായി പ്രാണത്യാഗംചെയ്ത ഈ പുണ്യപുരുഷന്നു് സവിശേഷകാരുണ്യം ഒരു വിശിഷ്ടമോക്ഷസൌഖ്യം തന്നെ കൊടുത്തിരിക്കുമെന്നു് ആർക്കും നിസ്സംശയം വിശ്വസിക്കാവുന്ന സംഗതിയാണല്ലോ. അക്ഷണം എം. കുഞ്ഞൻവാരിയരുടെ മുഖത്തുനിന്നു് ഒരു സുലളിതപദ്യം പുറപ്പെടുകയും ആയതു പിന്നെ പണ്ഡിതസഹൃദയപുരോഗണ്യനായ മ മ ശ്രീ. പരീക്ഷിത്തു കുഞ്ഞുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് കേട്ടപ്പോൾ ഇതു കവിതയല്ല പരമാർത്ഥം പറഞ്ഞിരിക്കയാണു് എന്നു് സകൗതുകം കല്പിക്കുകയും ഉണ്ടായി. ആ പദ്യവും കൂടി താഴെ ചേർക്കുന്നു.

(മൂലം) കാരുണ്യാൽ ഗുരുവായുമന്ദിരപതിർദ്ദേവസ്സ്വപാദാശ്രിതേ-
ഷ്വേകം ദൂതതയാ നിയുജ്യ സുധിയാമുത്തംസമുക്താമണിം
ഭൂരാദീശ്വരദാസമദ്യ ഭിഷജാമഗ്രേസരം സർവ്വഥാ
വൃദ്ധം ഖല്വനയൽ സ്വകം പദമഹോ ഹ്യൈക്യം രമോമേശയോഃ.

(ഭാഷ) കാരുണ്യാൽ ഗുരുവായൂരപ്പനൊരു നൽപാദാശ്രിതൻതന്നെവി-
ട്ടാരാൽപണ്ഡിതലോകമുത്തുമണിയായ് മിന്നും ഭിഷഗ്വര്യനേ
പേരാർന്നീശ്വരദാസനേപ്പുരുശുഭം വാർദ്ധക്യമെല്ലാം തിക-
ഞ്ഞോരും വൃദ്ധനെയിന്നു തൻപദമണച്ചല്ലോ ഹരീശാത്മകൻ.

ഒരു രാജർഷി ഭക്തൻ.

# രാജർഷിഭാഷിതം.

1116 മീനം ലക്കം കൈരളിയിൽ 'രാജർഷിമാസികയോട്' എന്ന പേരിൽ കൈരളീദാസനും, ഭാഷാവിഷയത്തിൽ 'രാജർഷിഭാഷിതം' എന്നപേരിൽ മല്ലിനാഥനും പറഞ്ഞിട്ടുള്ളതിന് മറുപടിയല്ലാതെ രാജർഷി, തൽഭാഷിതത്തിൽ ഒന്നും പറഞ്ഞിട്ടില്ല. ഇങ്ങോട്ടാക്ഷേപിച്ചിട്ടുള്ളതിന് ഉത്തരം പറഞ്ഞേപ്പാൾ ആക്ഷേപത്രപത്തിലായെങ്കിൽ അതിന് രാജർഷി അപരാധിയാകയില്ലല്ലോ. മല്ലിനാഥൻ മൂലമായുണ്ടായിത്തീർന്ന രാജർഷിഭാഷിതം മല്ലിനാഥനും മാലോകരും കാണുവാനായിത്തന്നെയാണ്, പ്രകാശിതമായിട്ടുള്ളതു്. അനാദരപ്രകാശകമായി വിട്ടുരനമസ്കാരം ചെയ്ത മല്ലിനാഥൻെറ ദുർവ്വചനങ്ങൾ ദുർഗ്ഗന്ധമലീമസങ്ങളാകയാലാണ് മൂക്കുപൊത്തേണ്ടതായി വരുമായിരുന്നു എന്നു പറഞ്ഞതു്. മീനം ലക്കം കൈരളിയും എടവം ലക്കം രാജർഷിയും ഒത്തുനോക്കുന്നതായാൽ കൈരളീദാസനും മല്ലിനാഥനും പറഞ്ഞിട്ടുള്ളതിനുത്തരമല്ലാതെ രാജർഷിഭാഷിതത്തിൽ ഒന്നും പറഞ്ഞിട്ടില്ലെന്ന് കാണാവുന്നതാണ്.

"രാജർഷിമാസികയുടെ പേർ അരനിമിഷത്തിനുള്ളിൽ മാററിയേക്കണം" എന്ന് അഭിപ്രായപ്പെട്ട മല്ലിനാഥൻെറ ചൊല്ലിനെ ഞങ്ങൾ എന്തിനു വകവയ്ക്കുന്നു? അതുകൊണ്ടുതന്നെയാണ് അവസാനം "നീയെന്തു ചെയ്യുന്നിതെന്നോട്ട കശ്മല" എന്നു പറഞ്ഞതും. കൈരളീദാസൻെറ "ഞങ്ങളുടെ പേരിൽ കേസ്സെടുക്കുവാൻ" എന്നുതുടങ്ങിയ പ്രയോഗങ്ങളും, മുൻപറഞ്ഞ അഭിപ്രായങ്ങളും മററുമാണ് കൈരളീദാസന് കൈരളിയുമായുള്ള ബന്ധം വളരെ കാലത്തേക്ക് ഉണ്ടാകവാൻ തരമില്ലെന്ന് രാജർഷിയെ അഭ്യൂഹിപ്പിച്ചതു്. കേരളത്തിൻെറ മേൽക്കോയ്മ വല്ല കലാപങ്ങൾകൊണ്ടും ആർക്കെങ്കിലും നേടുവാൻ സാധിച്ചേക്കാം, കേരളഭാഷയുടെ മേൽക്കോയ്മ തനിക്ക് സിദ്ധിക്കേണമെന്ന് ആരെങ്കിലും അഭിലഷിക്കുന്നുണ്ടെങ്കിൽ അതു് വ്യർത്ഥമാകയേ ഉള്ളൂ. മല്ലിനാഥൻെറ നന്ദി, വള്ളിയൊന്നുമാറി, നിന്ദയായെന്ന് രാജർഷി മനസ്സിലാക്കുന്നുണ്ടെങ്കിലും അതിലത്ര വകവയ്ക്കുന്നില്ല. കൈരളീദാസൻെറയും മല്ലിനാഥൻെറയും പോക്ക് ഇപ്രകാരമാണെങ്കിൽ പത്രബന്ധമില്ലാതിരിക്കതന്നെയാണുത്തമം.

ചോദ്യക്കടലാസ്സിൻെറ ന്യൂനത സിലബസ്സ് പകർത്തിയതുകൊണ്ട് പരിഹരിക്കപ്പെടാവുന്നതല്ല. "സ്കൂൾഫൈനൽ പരീക്ഷക്ക് അ

പോദ്ധാരം ചോദിച്ചതു് തെററാണെ"ന്നു് രാജർഷി ഒരിടത്തും അഭിപ്രായപ്പെട്ടിട്ടില്ല. "ഫസ്റ്റ് പേപ്പറിൽ അപോദ്ധാരം വരേണ്ടിയിരുന്നില്ലെന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടുവന്നിടയുണ്ട്." (കുംഭം കൈരളി) ഇതു് മല്ലിനാഥന്റെ അഭിപ്രായമാണു്. "സ്കൂൾഫൈനൽ പാഠ്യപുസ്തകങ്ങളിലില്ലാത്ത ദുർഗ്രഹമായ ഒരു വിഷയത്തെപ്പററിയുള്ള ഒരു നെട്ടനെട്ടൻ വാചകം എടുത്തിട്ടതു് മനഃപൂർവ്വം തന്നെ." എന്നു രാജർഷിക്കഭിപ്രായമുള്ളൂ. ട്രെയിനിങ്ങ്സ്കൂളിലെ ശിക്ഷാക്രമം പരിശീലിക്കുന്ന അദ്ധ്യാപകന്മാർക്കുള്ള പാഠ്യപുസ്തകത്തിലെ ഒരു വാക്യമെടുത്തു് സ്കൂൾഫൈനൽ പരീക്ഷക്കു് 'അപോദ്ധാരം' ചെയ്യാൻ ആവശ്യപ്പെട്ടാലേ പരീക്ഷ്യന്മാർക്കു് അപോദ്ധാരം മനസ്സിലായിട്ടുണ്ടെന്നു നിശ്ചയിക്കുവാൻ സാധിക്കൂ എന്നില്ലല്ലൊ. "ചോദ്യക്കടലാസ്സിൽ 'അപോദ്ധാരം' കടന്നുകൂടിയതു അബദ്ധമായിപ്പോയെന്നു്" രാജർഷിഭാഷകൻ ഒരിടത്തും പറഞ്ഞിട്ടില്ല; പറയുകയുമില്ല. പബ്ലിക്ക് പരീക്ഷക്കടലാസ്സുകളിൽ കാണുന്ന ചോദ്യങ്ങളിൽ ഏതാണ്ടു് അറുപതു ശതമാനം ചോദ്യങ്ങളും മുൻകൂട്ടിവരുന്ന ക്ലാസുപരീക്ഷകളുടെ ചോദ്യങ്ങളിൽ അതേരൂപത്തിൽത്തന്നെ എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അതു് ആക്ഷേപാർഹംതന്നെ. മല്ലിനാഥന്റെ വാക്കല്ലാതെ ഇതിനു് യാതൊരു തെളിവും ഞങ്ങൾ കാണുന്നില്ല.

സംസ്കൃതത്തിൽപോലും വിരളപ്രയോഗമായ മനോഽർത്ഥത്തെ സന്ധിപ്പിക്കുവാൻ ആവശ്യപ്പെട്ടതു് "ചോദ്യത്തിനു് കുറഞ്ഞൊരു വിലയുണ്ടാകുവാൻ" ആണെങ്കിൽ ഇതിലധികം പ്രയോഗം ചുരുങ്ങിയ പദങ്ങൾ തേടിപ്പിടിച്ചു് വലിയൊരു വിലയുണ്ടാകുവാൻ ശ്രമിക്കാഞ്ഞതു് പരീക്ഷ്യന്മാരുടെ മഹാഭാഗ്യംതന്നെ. മനോഽർത്ഥം എന്ന വാക്കു് "വ്യാകരണപുസ്തകങ്ങളി"ലുണ്ടായിരിക്കാം. എന്നാൽ സ്കൂൾഫൈനൽ ക്ലാസിലെ പാഠ്യപുസ്തകമായ 'സാഹിത്യബോധിനി' എന്ന പുസ്തകത്തിൽ അതു കാണുന്നില്ല. വ്യാകരണപുസ്തകങ്ങളിലില്ലാത്ത പ്രയോഗങ്ങളും സന്ധികളുമുണ്ടാകയുമില്ലല്ലൊ.

"ഞങ്ങൾ പരീക്ഷകന്റെ പേരിൽ കുററപത്രം തയ്യാറാക്കാൻ" തയ്യാറില്ലെങ്കിലും പരീക്ഷക്കടലാസ്സുകളിൽ കാണുന്ന ന്യൂനതകൾ, ന്യൂനതകൾതന്നേയെന്നു പറവാൻ ഞങ്ങൾ സന്നദ്ധരാണു്. മാക്കു് രണ്ടായാലും വിരോധമില്ല; രണ്ടരയായാലും വിരോധമില്ല; പന്ത്രണ്ടരയായാലും കൊള്ളാം. കേവലം ഒരു മാക്കിന്റെ കുറവുകൊണ്ടുകൂടി പരീക്ഷ്യന്മാർ തോററുപോകാമെന്നിരിക്കെ, മാക്കിന്റെ സംഖ്യയെപ്പററി ഇത

ഉദാസീനമായും നിരുത്തരവാദമായും അഭിപ്രായം പ്രകടിപ്പിച്ചതു് കഷ്ട മായിപ്പോയി. ജയിക്കുന്നതും തോല്ക്കുന്നതും തമ്മിൽ ഒരു വ്യത്യാസവു മില്ലെന്നോ?

ഇക്കൊല്ലത്തെ സ്കൂൾഫൈനൽ പരീക്ഷയുടെ മലയാളം ഒന്നാം ചോദ്യക്കടലാസ്സിനെപ്പററി ഉണ്ടാകാവുന്ന ആക്ഷേപങ്ങൾ ആ ദ്യമായി മല്ലിനാഥൻ തന്നെയാണു് തോന്നിത്തുടങ്ങിയതു്. പല തിനും കുററവും കുറവും പറയുക ശീലമുള്ള മല്ലിനാഥൻ രാജഷിയേയും കൂടി അതിൽ ഉൾപ്പെടുത്തിയപ്പോൾ രാജഷി അതു വ്യക്തമാക്കി. മേലാലെങ്കിലും ഇങ്ങനെ മല്ലിനാഥൻ സ്വയംകൃതാനത്ഥങ്ങൾ വരുത്തി ക്കൂട്ടാതിരിക്കുവാൻ മനസ്സിരുത്തേണ്ടതാണു്. രാജഷിയിലെ ലേഖകനോ ലേഖകന്മാരോ രാജഷിഭാഷിതത്തിൽ ഭാഗഭാക്കുകളാകുന്നുണ്ടെങ്കിൽ അതു് അദ്ദേഹത്തിൻെറ സല്ക്കീത്തിയെ പുലത്തുന്നതിനു മാത്രമാണു്. "ചികിത്സയില്ലാത്ത രോഗത്തിൻെറ ശല്യംകൊണ്ടു്" മല്ലിനാഥൻെറ രംഗത്തേക്കാൾ അധികം കാണികളുള്ള രാജഷിയുടെ രംഗങ്ങൾ ശൂന്യ ങ്ങളാക്കിത്തീക്കുവാൻ മല്ലിനാഥൻ ഉത്സാഹിച്ചുതുടങ്ങിയാൽ അതു് വിഫലമായേ ഭവിക്കയുള്ളു എന്നു് ഇപ്പോളെങ്കിലും മല്ലിനാഥനു് മന സ്സിലായിരിക്കണം. പലരുടേയും വാക്കുകൾകേട്ടു് ഒരുവൻ പ്രവൎത്ത വേല തുടങ്ങിയാൽ ചില "ഇല്ലാക്കേസ്സുകൾ" ഉണ്ടായേക്കാമെങ്കിലും ഉള്ളുകള്ളി അറിയുന്നവക്കൊന്നും അതിൽ ഉള്ളിളക്കമുണ്ടാകയില്ല.

"ഇനി ഈ വിഷയത്തെക്കുറിച്ചെന്തെങ്കിലും പറയാൻ മല്ലി നാഥൻ ആഗ്രഹിക്കുന്നില്ല"യെങ്കിൽ രാജഷിക്കു് മറുപടി പറയേണ്ട ആവശ്യവും നേരിടുകയില്ലല്ലൊ.

'ദൃഷ്ടിപതിക്കുക' എന്ന പ്രയോഗത്തെക്കുറിച്ചുള്ള ആക്ഷേപം മല്ലിനാഥൻ പിൻവലിച്ചിട്ടുള്ളതുപോലെ മല്ലിനാഥൻെറ ആക്ഷേപ ങ്ങൾ പലതും യുക്തിയുക്തമായി ഉപപാദിക്കുകയാണെങ്കിൽ പിൻവലി ക്കേണ്ടതായിവരും. പിൻവലിച്ചതിനു വന്ദനം!

കല്ലിനാഥൻെറ നേരെ കല്ലെറിയുന്നതായാൽ അദ്ദേഹത്തിൻെറ സുദൃഢമായ പാണ്ഡിത്യകവചത്തിന്മേൽ തട്ടി തിരിച്ചടിക്കാതെ നോ ക്കുവാൻ മല്ലിനാഥൻ മനസ്സിരുത്തിയാൽ നന്നു്.

അനിർല്ലോഡിതകാൎയ്യസ്യ
വാഗ്ജാലം വാഗ്മിനോ വൃഥാ
നിമിത്താദപരാദ്ധേഷോ-
ൎദ്ധാനുഷ്കസ്യേവ വല്ഗിതം.